**പതിനാലാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.295 28.01.2019 ൽ മറുപടി നൽകേണ്ടിയിരുന്നത്

**ദേശീയ-അന്തർദേശീയ അംഗീകാരങ്ങൾ**

| ചോദ്യം<br>ശ്രീ.വി. കെ. സി. മമ്മത് കോയ | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) |
|---|---|
| ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ആരോഗ്യ , സാമൂഹ്യനീതി, ശിശുവികസന വകുപ്പുകൾക്ക് ദേശീയ-അന്തർദേശീയ അംഗീകാരങ്ങൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ? | 2018 ഒക്ടോബർ 23-ന് ചെന്നൈയിൽ വച്ച് ആദ്യമായി സംഘടിപ്പിച്ച ദക്ഷിണ മേഖല നാഷണൽ ഓറൽ ഹെൽത്ത് പ്രോഗ്രാമിന്റെ വർക്ക്ഷോപ്പിൽ കേരളത്തിന് പ്രശംസാപത്രം ലഭിച്ചിട്ടുണ്ട്. കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം ഡൽഹിയിൽ വച്ച് 29.06.2018-ൽ നടന്ന പ്രധാനമന്ത്രി സുരക്ഷ അബിയാൻ അവാർഡ്ദാന ചടങ്ങിൽ മാതൃമരണ നിരക്ക് കുറഞ്ഞ സംസ്ഥാനത്തിനുള്ള അവാർഡ് കേരളത്തിന് ലഭിച്ചു. അർബൻ പ്രൈമറി ഹെൽത്ത് സെന്റർ വിഭാഗത്തിൽ സംസ്ഥാനത്ത് ഏറ്റവും നല്ല സേവനം രോഗികൾക്ക് നൽകിയതിനാൽ സ്കോച്ച് അവാർഡ് ഓഫ് മെറിറ്റിന് മൈനാഗപ്പള്ളി അർബൻ പ്രൈമറി ഹെൽത്ത് സെന്റർ, അർഹമായി. കൂടാതെ പാലക്കാട് കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിക്കും ഏറ്റവും മികച്ച സേവനത്തിനുള്ള അവാർഡ് ലഭിക്കുകയുണ്ടായി. ജന്മനായുള്ള ഹൃദ്രോഗ ചികിത്സയ്ക്ക് ബന്ധപ്പെട്ട് സംസ്ഥാനത്തു നടപ്പിലാക്കി വരുന്ന ഹൃദ്യം പദ്ധതിക്ക് 2018 മാർച്ച് മാസത്തിൽ സ്കോച്ച് ഭാരത് ഗോൾഡ് അവാർഡ്, എക്സ്പ്രസ്സ് ഹെൽത്ത് കെയർ അവാർഡ് എന്നീ രണ്ടു പ്രധാന നാഷണൽ അവാർഡുകൾ ലഭിച്ചിട്ടുണ്ട്. മുതിർന്ന പൗരന്മാരുടെ ക്ഷേമത്തിനും പരിരക്ഷയ്ക്കുമായി 'വയോമിത്രം' അടക്കമുള്ള മാതൃകാപരമായ വിവിധ ക്ഷേമ പദ്ധതികൾ വിജയകരമായി നടപ്പിലാക്കിയതിന്, ഭാരത സർക്കാരിന്റെ 2017 ലെ 'വയോ ശ്രേഷ്ഠ സമ്മാൻ' സാമൂഹ്യ നീതി വകുപ്പിന് ലഭിച്ചു.<br><br>സാമൂഹ്യനീതി വകുപ്പിന് കീഴിലുള്ള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷന് 2018-ൽ Best Chanelizing Agency of National Handicapped Finance & Development Corporation-ന് ദേശീയ അവാർഡ് ലഭിച്ചിട്ടുണ്ട്. കേന്ദ്ര വനിത ശിശുവികസന മന്ത്രാലയത്തിന്റെ ആഭിമുഖ്യത്തിൽ POSHN MAAH -2018 മായി ബന്ധപ്പെട്ട് 10.10.2018-ന് ഡൽഹിയിൽ നടന്ന ചടങ്ങിൽ വനിതാ-ശിശു വികസന വകുപ്പ് വഴി നടപ്പിലാക്കിയ കേന്ദ്രാവിഷ്കൃത പദ്ധതിയായ നാഷണൽ ന്യൂട്രീഷ്യൻ മിഷന്റെ മാർഗ്ഗ രേഖകൾ അടിസ്ഥാനമാക്കി മികച്ച സ്റ്റേറ്റ് കൺവർജൻസ് ആക്ഷൻ പ്ലാൻ തയ്യാറാക്കിയതിന് കേരളത്തിന് ബഹുമതിയും മെഡലും ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ